## മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ഹൃദയത്തിൽ സന്തോഷത്തിന്റെ വാദ്യം മുഴങ്ങണം എന്തെന്നാൽ ബാബ വന്നിരിക്കുകയാണ് കയ്യോടു കൈ ചേർത്ത് കൂടെ കൊണ്ടുപോകാൻ, ഇപ്പോൾ നിങ്ങളുടെ സുഖത്തിന്റെ നാളുകൾ വന്നെത്തിയിരിക്കുന്നു.

**ചോദ്യം:-** ഇപ്പോൾ പുതിയ വൃക്ഷത്തിന്റെ തൈ നട്ടുകൊണ്ടിരിക്കുകയാണ് അതിനാൽ ഏതൊന്നിന്റെ ശ്രദ്ധയാണ് അവശ്യമായി ഉണ്ടാകേണ്ടത്?

**ഉത്തരം:-** പുതിയ വൃക്ഷത്തെ കൊടുങ്കാറ്റ് വളരെയധികം ബാധിക്കും. കൊടുങ്കാറ്റുകൾ ഇങ്ങനെ വരും പൂക്കളും ഫലങ്ങളും എല്ലാം വീണുപോകും. ഇവിടെയും നിങ്ങൾ വെച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുന്ന പുതിയ വൃക്ഷം ഉണ്ടല്ലോ അതിനെ മായ വളരെ ശക്തിയായി കുലുക്കും. അനേകം കൊടുങ്കാറ്റുകൾ വരും. മായ സംശയാലുക്കളാക്കി മാറ്റും. ബുദ്ധിയിൽ ബാബയുടെ ഓർമ്മയില്ലെങ്കിൽ മുരടിച്ചുപോകും, വീണുപോകുകയും ചെയ്യും. അതിനാൽ ബാബ പറയുന്നു കുട്ടികളേ മായയിൽ നിന്ന് രക്ഷനേടാനായി വായിൽ നാണയമിടൂ അതായത് ജോലിയിലും മറ്റും മുഴുകിയിരിക്കുകയാണെങ്കിലും ബുദ്ധിയിൽ ബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കണം. ഇത് തന്നെയാണ് പ്രയത്നം.

**ഗീതം:-** ഓം നമോ ശിവായ...

**ഓം ശാന്തി**. നിങ്ങൾ കുട്ടികൾക്ക് നല്ലരീതിയിൽ നിശ്ചയം ഉണ്ടായിരിക്കുന്നു എന്തെന്നാൽ ബാബ വന്ന് പുതിയ ലോകത്തെ രചിക്കുന്നു പതിതരായ നമ്മളെ പാവനമാക്കിമാറ്റുന്നതിന്. സൃഷ്ടിടിയൊന്നും തന്നയില്ല ബാബ വന്നിട്ടാണ് രചിക്കുന്നത്, അങ്ങനെയല്ല. ബാബയെ വിളിക്കുകയാണ് ഞങ്ങൾ പതീതരാണ് ഞങ്ങളെ വന്ന് പാവനമാക്കിയാലും. ലോകം ഉള്ളത് തന്നെയാണ്. പഴയതിനെ പുതിയതാക്കുന്നു എന്ന് മാത്രം. ഈ ജ്ഞാനം മനുഷ്യർക്ക് വേണ്ടിയുള്ളതാണ്, മൃഗങ്ങൾക്കു വേണ്ടിയുള്ളതല്ല എന്തെന്നാൽ മനുഷ്യരാണ് പഠിച്ച് പദവി നേടുന്നത്. ഇപ്പോൾ ദുഃഖം നൽകുന്ന സാമഗ്രികൾ ഉണ്ടല്ലോ, അവയിൽ എല്ലാവരും ഉൾപ്പെട്ടിരിക്കയാണ് - ദേഹം, ദേഹത്തിന്റെ ധർമ്മം മുതലായവ. അതിനാൽ ബാബ ഈ ദുഃഖത്തിന്റെ സാമഗ്രികളെയെല്ലാം സുഖത്തിന്റേതാക്കുകയാണ്, അപ്പോൾ ബാബ പറയുകയാണ് ഞാൻ ദുഃഖധാമത്തെ സുഖധാമം ആക്കുകയാണ്, ഞാൻ തന്നെയാണ് ദുഃഖം ഹരിച്ച് സുഖം നൽകുന്നവൻ . ഇപ്പോൾ നിങ്ങളുടെ ഉള്ളിൽ വാദ്യം മുഴങ്ങണം എന്തെന്നാൽ നമ്മുടെ സുഖത്തിന്റെ നാളുകൾ ഇതാ വരാൻ പോകുന്നു. അറിയുന്നുണ്ടല്ലോ ബാബ കല്പത്തിനുശേഷമാണ് കണ്ടുമുട്ടുന്നത് മറ്റാരും ഇങ്ങനെ ആരെപ്പറ്റിയും പറയില്ല. ഭഗവാൻ വരുന്നത് തന്നെ ഭക്തരുടെ സത്ഗതി ചെയ്യാനാണ്. തന്റെ കൂടെ കയ്യോടു കൈ ചേർത്ത് കൂടെ കൊണ്ടുപോകുന്നു. നിങ്ങളെ സുഖധാമത്തിൽ കൊണ്ടുപോയി വിടുകയല്ല, ഈ സമയത്തെ പുരുഷാർത്ഥം അനുസരിച്ച് നിങ്ങൾതന്നെയാണ് പോയി പ്രാലബ്ധം അനുഭവിക്കുന്നത്. എത്രത്തോളം ആര് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നുവോ അത്രത്തോളം അയാളിൽ ഡ്രാമ ഉറയ്ക്കുന്നു. മനുഷ്യർ ഏതെങ്കിലും നാടകം കണ്ടിട്ടുവന്നാൽ കുറച്ച് ദിവസത്തേക്ക് മനസ്സിൽ ഉറച്ചിരിക്കും. അപ്പോൾ നിങ്ങൾക്കും ഇത് പക്കാ ആകും എന്തെന്നാൽ ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. സത്യയുഗം മുതൽ ഈ സമയം വരെയുള്ള ഡ്രാമ ബുദ്ധിയിലുണ്ട്. സെന്ററിൽ വരികയാണെങ്കിൽ ശ്രദ്ധയുണ്ടാകും. അപ്പോൾ ഇത് ഓർമ്മ വരും. ഇവിടെ തന്നെ ഇരിക്കുകയാണെങ്കിൽ ഓർമ്മയുണ്ടാകും. സൃഷ്ടി പരിധിയില്ലാത്ത ഡ്രാമയാണ്. എന്നാൽ ഒരു നിമിഷത്തിന്റെ കാര്യമേയുള്ളൂ. മനസ്സിലാക്കുന്നുണ്ടെങ്കിൽ പെട്ടെന്നുതന്നെ ഡ്രാമ ബുദ്ധിയിൽ വരും. മനസ്സിലാക്കുന്നു ആരെല്ലാം വന്ന് ധർമ്മങ്ങൾ സ്ഥാപിക്കുന്നു എന്ന്. മൂലവതനത്തെ ഓർമ്മിക്കുന്നതും ഒരു നിമിഷത്തിന്റെ കാര്യമാണ്. അടുത്ത നമ്പറിൽ ഉള്ളത് സൂക്ഷ്മവതനമാണ്. അവിടെയും വലിയ കാര്യങ്ങൾ ഒന്നും ഇല്ല എന്തെന്നാൽ അവിടെ ബ്രഹ്മാവിനെയും വിഷ്ണുവിനെയും ശങ്കരനേയും മാത്രമേ കാണിച്ചിട്ടുള്ളൂ. അതും പെട്ടെന്ന് ബുദ്ധിയിൽ വരും. പിന്നീടുള്ളതാണ് സ്ഥൂലവതനം. ഇതിൽ നാല് യുഗങ്ങളുടെയും ചക്രം വരുന്നു. ഇത് ബാബയുടെ രചനയാണ്, ഇങ്ങനെയല്ല നിങ്ങൾ സ്വർഗ്ഗത്തെ മാത്രമാണ് ഓർമ്മിക്കുന്നത്. സ്വർഗ്ഗം മുതൽ കലിയുഗാന്ത്യം വരെയുള്ള രഹസ്യങ്ങൾ നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട് എങ്കിൽ നിങ്ങൾ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. ഈ വൃക്ഷത്തിന്റേയും ഗോളത്തിന്റേയും (സൃഷ്ടി ചക്രം) ചിത്രങ്ങൾ എല്ലാവരുടെയും വീട്ടിൽ ഉണ്ടാകണം. ആരെങ്കിലും വരുമ്പോൾ അവരെ ഇരുത്തി മനസ്സിലാക്കി കൊടുക്കണം. ദയാഹൃദയരും മഹാദാനിയുമാകണം ഇതിനെ അവിനാശി ജ്ഞാനരത്നങ്ങൾ എന്നാണ് പറയുക. ഈ സമയം നിങ്ങൾ ഭാവിയിലെ ധനവാനാകൂ.

ബാബ മനസ്സിലാക്കി തരുകയാണ് കുട്ടികളേ ഇതുവരെ നിങ്ങൾ എന്തെല്ലാം കേട്ടിട്ടുണ്ടോ പഠിച്ചിട്ടുണ്ടോ അതെല്ലാം മറന്നേക്കൂ. മനുഷ്യർ മരിക്കുന്ന നേരം എല്ലാം തന്നെ മറന്നുപോകില്ലേ. അപ്പോൾ ഇവിടെയും നിങ്ങൾ ജീവിച്ചിരിക്കെ മരിക്കുകയാണ്. ബാബ പറയുകയാണ് ഞാൻ പുതിയ ലോകത്തിനു വേണ്ടി എന്തെല്ലാം കാര്യങ്ങൾ കേൾപ്പിക്കുന്നുവോ അത് മാത്രം ഓർമ്മിക്കൂ. ഇപ്പോൾ നമ്മൾ അമരലോകത്തേക്കു പോകുകയാണ് ഒപ്പം അമരനാഥനിലൂടെ അമരകഥ കേട്ടുകൊണ്ടിരിക്കുകയാണ്. ചിലർ ചോദിക്കുന്നു മനുഷ്യ ലോകം എപ്പോഴാണ് തുടങ്ങിയത്? എന്ന്. പറയൂ, രാവണരാജ്യം തുടങ്ങിയപ്പോഴാണ് എന്ന്. അമരലോകം എപ്പോഴാണ് തുടങ്ങുന്നത്? രാമരാജ്യം ആരംഭിക്കുമ്പോൾ. വൃക്ഷം പടർന്നു പന്തലിച്ചതുപോലെ ഭക്തിയുടെ സാമഗ്രികളും പടർന്നിരിക്കുകയാണ്. ഇപ്പോൾ പുതിയ വൃക്ഷത്തെ വെച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ ഇങ്ങനെയുള്ള വൃക്ഷത്തെ നോക്കൂ മായയുടെ കൊടുങ്കാറ്റു എത്രയാണ് ബാധിക്കുന്നത് എന്ന്. കൊടുങ്കാറ്റ് വീശുമ്പോൾ ഉദ്യാനത്തിൽ പോയി നോക്കൂ എത്ര ഫല പുഷ്പങ്ങളാണ് വീണുപോകുന്നത് . കുറച്ചേ രക്ഷപ്പെടുന്നുള്ളു. ഇവിടെയും അങ്ങനെയാണ് മായയുടെ കൊടുങ്കാറ്റ് വരുകയും ബാബയുടെ ഓർമ്മ ഇല്ലാതിരിക്കുകയും ചെയ്താൽ വാടിപ്പോകും. ചിലർ വീണുപോകുകയും ചെയ്യും. ഹാത് മതായിയുടെ കഥയിലെ കളി പോലെയാണ്. അഥവാ ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടെങ്കിൽ മായയുടെ പ്രഭാവം ഉണ്ടാകില്ല. ബാബ ഒരിക്കലും പറയില്ല ജോലിയും മറ്റും ഉപേക്ഷിക്കാൻ. ജോലിയും മറ്റും ചെയ്തുകൊണ്ടുതന്നെ ബാബയെ ഓർമ്മിക്കൂ ഇതിൽ പ്രയത്നമുണ്ട്. എന്താ രാജപദവി നേടുക എന്നത് കുറഞ്ഞ കാര്യമാണോ! പരിധിയുള്ള രാജപദവി നേടണമെങ്കിൽ തന്നെ എത്ര പ്രയത്നം ചെയ്യേണ്ടിവരും. ഇതാണെങ്കിൽ സത്യയുഗത്തിന്റെ രാജപദവി യാണ് നേടുന്നത്. പ്രയത്നം തീർച്ചയായും ചെയ്യേണ്ടിവരും. പരമാത്മാവിനെ ജ്ഞാനസാഗരൻ എന്നാണ് വിളിക്കുന്നത്, ഉള്ളറിയുന്നവൻ എന്നല്ല. ഉള്ളറിയുന്നവൻ എന്നാൽ തോട്ട് റീഡർ. വാസ്തവത്തിൽ ഇത് ഒരു മാന്ത്രിക സിദ്ധിയാണ്, അതിൽ നിന്നും പ്രാപ്തി ഒന്നും ഉണ്ടാകുന്നില്ല. ഇങ്ങനെ തലകീഴായ കാര്യങ്ങളിൽ തന്നെ തൂങ്ങി കിടക്കുകയാണെങ്കിൽ ഒരു പ്രാപ്തിയും ഉണ്ടാകില്ല. ഇന്നത്തെക്കാലത്ത് തീയിൽ കൂടിവേണമെങ്കിലും കടന്നുപോകും. ഒരു സന്യാസി ഉണ്ടായിരുന്നു അയാൾ അഗ്നിയെ മറികടന്നു. സീത അഗ്നിപ്രവേശനം ചെയ്തു എന്ന് കേട്ടതിനാലാണ് ഇവരും അഗ്നിയെ മറികടക്കുന്നത്. ഇതെല്ലാം കെട്ടുകഥകളാണ്. അവർ പറയുന്നു ശാസ്ത്രം അനാദിയാണ് എന്ന്. എപ്പോൾ മുതൽ? തീയതിയൊന്നും ഇല്ല. മറ്റ് ധർമ്മങ്ങളിൽ തീയതി ഉണ്ട്, അവരിൽനിന്നും കണക്ക് അറിയാൻ കഴിയും. എങ്ങനെയെന്നാൽ പറയാറുണ്ടല്ലോ ക്രിസ്തുവിന് 3000 വർഷം മുൻപ് ഭാരതം സ്വർഗ്ഗമായിരുന്നു എന്ന്. എന്നാൽ സ്വർഗ്ഗത്തിൽ എന്തായിരുന്നു, അത് അറിയുന്നില്ല. വൃക്ഷത്തിന്റെ രഹസ്യം നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. ഈ വൃക്ഷത്തിന്റെ ഫൗണ്ടേഷൻ എങ്ങനെ ഉണ്ടായി, പിന്നെ എങ്ങനെ വൃദ്ധിയുണ്ടായി എന്നെല്ലാം നിങ്ങൾക്ക് വർണ്ണിക്കുവാൻ കഴിയും. പൂച്ചെണ്ട് ഉണ്ടാക്കുമ്പോൾ പുഷ്പങ്ങൾ മുകളിലാണ് വെക്കുക. ഇതും അങ്ങനെ തന്നെയാണ്. ആദ്യം ദേവീ ദേവത ധർമ്മത്തിന്റെ തായ്ത്തടിയാണ് ഉണ്ടായിരുന്നത്. പിന്നീട് മറ്റ് ധർമ്മങ്ങൾ എല്ലാം തന്നെ ആ തായ്തടിയിൽ മുളച്ചുവരുന്നു, എന്നിട്ട് തങ്ങളുടെ പ്രജകളുടെ പുഷ്പങ്ങൾ വിടർത്തുന്നു. ഇപ്പോൾ ചിന്തിച്ചു നോക്കൂ ഓരോ ധർമ്മവും വരുന്ന സമയത്ത് അത് പൂക്കളുടെ പൂന്തോട്ടമായിരിക്കും. പതനത്തിന്റെ കല പിന്നാലെ വരും അതായത് ആദ്യം ഗോൾഡൻ, സിൽവർ, കോപ്പർ ഇപ്പോൾ ഇരുമ്പിൽ എത്തിനിൽക്കുകയാണ്. പഠിത്തം നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടാകണം. നോളേജ്ഫുൾ ആയ അച്ഛൻ വൃക്ഷത്തിന്റേയും ഡ്രാമയുടെയും ജ്ഞാനം മുഴുവൻ നല്കിക്കൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ പരമാത്മാവിനെ ജ്ഞാനത്തിന്റെ സാഗരം, ബീജരൂപം എന്നിങ്ങനെ വിളിക്കുന്നു. ഈ മനുഷ്യ സൃഷ്ടിയുടെ ബീജരൂപം അത് മുകളിൽ ആണ് ഇരിക്കുന്നത്. ആ പാരലൗകിക ലോകം ആത്മാക്കളുടേതാണ്, അതിനെ ബ്രഹ്മാണ്ഡം, ബ്രഹ്മലോകം എന്നിങ്ങനെ വിളിക്കുന്നു. അവിടെ ആത്മാക്കൾ അണ്ഢാകൃതിയിൽ ഇരിക്കുന്നു. ആത്മാവ് ബിന്ദുരൂപൻ ആയുള്ള സാക്ഷാത്കാരവും ചെയ്യുന്നു. മിന്നാമിനുങ്ങുകൾ കൂട്ടത്തോടെ പറക്കുന്നതുപോലെ, പക്ഷേ അതിന് ശോഭ കുറവാണ്. എന്നാൽ ആത്മാക്കൾ ഒരുമിച്ച് പറക്കും. ഈ കൊച്ചു ബിന്ദുവിൽ 84 ജന്മങ്ങളുടെ പാർട്ട് ആണ് നിറഞ്ഞിരിക്കുന്നത്. ബാബ നിങ്ങളെ മുഴുവൻ നാടകത്തിന്റേയും സാക്ഷാത്കാരം ചെയ്യിക്കുകയാണ്. ഈ നാടകത്തിനുള്ളിലെ അഭിനേതാക്കൾ ആത്മാക്കളാണ്, എന്നാൽ അഭിനേതാക്കൾക്ക് ഈ നാടകത്തെ അറിയില്ല. നിങ്ങൾ ഓർമ്മിക്കേണ്ടത് ഒരു ബാബയെ ആണ്, രണ്ടാമതായി ജ്ഞാനത്തെ. ജ്ഞാനം രണ്ടാമതാണ് വളരെ സരളമാണ്. പക്ഷെ ജ്ഞാനാരംഭം എപ്പോൾ മുതലാണോ, അപ്പോൾ വിസ്താരമായി തന്നെ ചെയ്യണ്ടിവരുന്നു എന്തെന്നാൽ മറന്നുപോകും. മായയുടെ വിഘ്നവും അനുഭവപ്പെടുന്നു. ശാരീരിക അസുഖങ്ങളും വരുന്നു. മുൻപ് ഒരിക്കലും പനി വന്നിട്ടുണ്ടാവില്ല എന്നാൽ ജ്ഞാനത്തിൽ വന്നതിനു ശേഷം പനി വരുകയാണെങ്കിൽ സംശയം ഉണ്ടാകുന്നു എന്തെന്നാൽ ജ്ഞാനത്തിൽ കൂടി ബന്ധനം ഇല്ലാതാകുകയല്ലേ വേണ്ടത്. എന്നാൽ ബാബ പറയുന്നതെന്തെന്നാൽ അസുഖങ്ങൾ ഇനിയും വരും, കണക്കുകൾ എല്ലാം തീരേണ്ടതായിട്ടുണ്ട്.

ഭക്തിയിൽ മനുഷ്യർ നവരത്നങ്ങളുടെ മോതിരം അണിയുന്നു. മധ്യത്തായി വിലയേറിയ രത്നം വെക്കുന്നു. അരികിലുള്ളവ കുറഞ്ഞ വിലയുള്ളവ ആയിരിക്കും. ചില രത്നങ്ങൾ ആയിരങ്ങളുടേതായിരിക്കും, ചിലത് 100 ന്റേയും... ബാബ പറയുന്നത് എന്തെന്നാൽ ഈ ജീവിതം വജ്രസമാനം അമൂല്യമാണ്. അതിനാൽ സൂര്യവംശത്തിൽ ജന്മം നേടണം. സത്യയുഗത്തിലെ മഹാരാജാവും, മഹാറാണിയും ത്രേതയിലെ അവസാന രാജാവും റാണിയും തമ്മിൽ എത്ര അന്തരമുണ്ടാകും. ഈ നാടകത്തിന്റെ കഥ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. വന്നാൽ ഞങ്ങൾ താങ്കൾക്ക് മനസ്സിലാക്കിതരാം എന്തെന്നാൽ അയ്യായിരം വർഷങ്ങൾക്ക് മുൻപ് ദേവതമാരുടെ വളരെ നല്ല ഒരു രാജ്യം ഉണ്ടായിരുന്നു. അവർ ആ പദവി എങ്ങനെ നേടി! ലക്ഷ്മി നാരായണന്മാർ ആണ് ആ സത്യയുഗത്തിന്റെ രാജ്യഭരണം ഏറ്റെടുക്കുന്നത്, അവരുടെ 84 ജന്മങ്ങളുടെ ഹിസ്റ്ററി-ജ്യോഗ്രഫി കേൾപ്പിക്കാം. ഇങ്ങനെ ഇങ്ങനെയുള്ള പ്രലോഭനങ്ങൾ നൽകി അവരെ ഉള്ളിലേക്ക് കൊണ്ടുവരണം. നിമിഷങ്ങളുടെ കഥയാണ്. എന്നാൽ കോടികളുടേയും. എവിടെ വേണമോ നിങ്ങൾക്ക് പോകാം. കോളേജിലോ, യൂണിവേഴ്സിറ്റിയിലോ, ആശുപത്രിയിലോ പോകുകയാണെങ്കിൽ പറയണം നിങ്ങൾക്ക് എത്ര അസുഖം ബാധിച്ചിരിക്കുന്നു. ഞങ്ങൾ താങ്കൾക്ക് അങ്ങനെയുള്ള മരുന്ന് നൽകാം അത് 21 ജന്മത്തേക്ക് അസുഖം തടയും. താങ്കൾ കേട്ടുവോ പരമ പിതാവായ പരമാത്മാവ് ഉച്ഛരിക്കുന്നു മൻമനാഭാവ. നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മങ്ങൾ വിനാശമാകും കൂടാതെ ഒരു പുതിയ വികർമ്മവും ഉണ്ടാകുകയും ഇല്ല. നിങ്ങൾ എവർ ഹെൽത്തിയും, വെൽത്തിയും ആയിത്തീരും. വരുകയാണെങ്കിൽ ഞങ്ങൾ പരമപിതാവ് പരമാത്മാവിന്റെ ജീവചരിത്രം പറഞ്ഞു തരാം. സർവ്വവ്യാപി എന്ന് പരമാത്മാവിനെ പറ്റി പറയുന്നത് ജീവചരിത്രമേയല്ല. ഇങ്ങനെ ഇങ്ങനെ മനസ്സിലാക്കി കൊടുക്കണം.

ശരി ഇന്ന് ഭോഗ് ആണ്. ഗീതം:- ആകാശം വിളിച്ചൂ ഭൂമിയെ... പഴകിയ കപടതയുടെ ലോകം എന്നാണു ഇതിനെ പറയുന്നത്. ഇതിനെ ഘോര നരകം എന്ന് വിളിക്കുന്നു. ഗീതവും നന്നായിരിക്കുന്നു. വരിക തന്നെ വേണം, സ്നേഹത്തിൻ ലോകത്ത്. സൂക്ഷ്മ വതനത്തിലും സ്നേഹം ഉണ്ടല്ലോ. നോക്കൂ സസന്തോഷം ധ്യാനത്തിൽ പോകുന്നു. സത്യയുഗത്തിൽ ആണെങ്കിൽ സുഖമുണ്ട്, ഇവിടെയാണെങ്കിൽ ഒന്നുമില്ല. അപ്പോൾ ഈ ലോകത്തോട് വൈരാഗ്യം ഉണ്ടാകണം. സന്യാസിമാരുടേത് പരിധിയുള്ള വൈരാഗ്യമാണ്. നിങ്ങളുടേത് പരിധിയില്ലാത്ത വൈരാഗ്യവും ആണ്. നിങ്ങൾക്ക് മുഴുവൻ ലോകത്തെയും മറക്കണം. ബാബ ബോംബെയിൽ ഒരു കത്ത് എഴുതിയിരുന്നു. ബാബ ബോംബേക്കാർക്ക് മാത്രമായി പറഞ്ഞതല്ല മുഴുവൻ സെന്ററുകളിലും ഉള്ളവർക്ക് വേണ്ടിത്തന്നെയാണ് നിർദ്ദേശങ്ങൾ നൽകുന്നത്. നിങ്ങൾക്ക് രാവിലെയും വൈകുന്നേരവും പ്രഭാഷണങ്ങൾ നൽകാൻ കഴിയും. ഓരോ നഗരത്തിലും വലിയ വലിയ ഹാളുകൾ ഉണ്ടാകും ഭൂരിഭാഗം പേർക്കും ബന്ധുമിത്രാദികളും ഉണ്ടാകും, അപ്പോൾ പരസ്യപ്പെടുത്തണം എന്തെന്നാൽ ഞങ്ങൾക്ക് പരമ പിതാവായ പരമാത്മാവിന്റെ പരിചയം നൽകണം. അങ്ങനെയെങ്കിൽ എല്ലാവർക്കും പരമാത്മാവിൽ നിന്നും തന്റെ ജന്മാവകാശം നേടാൻ കഴിയും. നമുക്ക് രാവിലെയും വൈകുന്നേരവും കേവലം ഒന്നര മണിക്കൂർ നേരത്തേക്കേ ഹാൾ വേണ്ടൂ. ബഹളങ്ങൾ ഒന്നും ഉണ്ടാകില്ല, വാദ്യമേളം ഇല്ല. അപ്പോൾ ആരെങ്കിലും മിതമായ വാടകക്ക് നൽകുകയാണെങ്കിൽ നമുക്ക് എടുക്കാം. ഏരിയയും നോക്കണം, കെട്ടിടവും നോക്കണം നല്ലതാണോ എന്ന്. നല്ല ആൾക്കാർ ഉണ്ടെങ്കിൽ നല്ല ജിജ്ഞാസുവായിട്ടുള്ളവരെ കൂടി കൂട്ടികൊണ്ട് വരും. അങ്ങനെ അങ്ങനെ 4-5 ഇടങ്ങളിൽ പ്രഭാഷണം ചെയ്യണം. വലിയ വലിയ നഗരങ്ങളിൽ ഒന്നാം നില കിട്ടിയില്ലെങ്കിൽ രണ്ടാം നില, അതും കിട്ടിയില്ലെങ്കിൽ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ മൂന്നാം നിലയും എടുക്കാം. അങ്ങനെ ഗ്രാമ ഗ്രാമങ്ങളിലും. ഗ്രാമം എങ്ങനെയുള്ളതോ ആയിക്കോട്ടെ. ഇനി ചെറിയ കെട്ടിടമേ ഉള്ളൂ എങ്കിലും. മുഴുവൻ കെട്ടിടം തന്നെ വേണമെന്നില്ല. കേവലം 3 അടി മണ്ണ് മതി. എല്ലാവരും അവരവരുടെ ബന്ധുക്കളോട് ചോദിച്ചുകൊണ്ടിരിക്കണം അപ്പോൾ ആരെങ്കിലുമൊക്കെ നൽകും. അപ്പോൾ അങ്ങനെ സെന്ററുകൾ തുറന്നുകൊണ്ടിരിക്കണം. ചിലരാണെങ്കിൽ വാടക പോലും വാങ്ങിക്കില്ല. ഇനി ചിലർ വാങ്ങിച്ചുകൊണ്ടേയിരിക്കുമ്പോൾ അസ്ത്രം തറക്കുകയാണെങ്കിൽ അവർ വാങ്ങുന്നത് നിർത്തും. വിശാലബുദ്ധിയായിട്ടുള്ളവർ നല്ലരീതിയിൽ മനസ്സിലാക്കി ധാരണ ചെയ്യും. ആർക്കാണോ വിശാല ബുദ്ധിയുള്ളത്, അവരെ മഹാരഥി എന്ന് വിളിക്കുന്നു. അവർ ഒന്നിന് പുറകെ ഒന്നായി സെന്ററുകൾ തുറന്നുകൊണ്ടേയിരിക്കും. കുട്ടികൾ അറിയുന്നു എന്തെന്നാൽ നാം നമ്മുടെ രാജ്യം ശ്രീമതം പ്രകാരം വളരെ ഗുപ്തമായി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെ സ്ഥാപിക്കുന്നു എന്ന് മറ്റാരെങ്കിലും അറിയുന്നുണ്ടോ? പവിത്രമായിരുന്നാൽ മാത്രം മതി. അപ്പോൾ ബാബ പറയുകയാണ് മായ ദുഃഖം നൽകിയിരിക്കുകയാണ്, അതിനെ ഉപേക്ഷിക്കൂ. മായയെ ജയിച്ച് ജഗത് വിജയി ആയിത്തീരൂ. മനസ്സിനെ ജയിക്കേണ്ട കാര്യമല്ല. മനസ്സ് ശാന്തമായി, ശാന്തിധാമത്തിൽ ഇരിക്കും. ഇവിടെ ശരീരത്തിന് ശാന്തമായിരിക്കാൻ കഴിയുന്നില്ല. എന്നാൽ ശാന്തിധാമം ആണ് പരമമായ ധാമം. ഇവിടെ ആണെങ്കിൽ ജ്ഞാനം ലഭിക്കുന്നതിനാൽ ചിന്തനവും നടന്നുകൊണ്ടിരിക്കും. അവിടെ ആണെങ്കിൽ സെന്ററിൽ വന്നു, കഥകൾ കേട്ടു പിന്നെ ജോലിയിൽ മുഴുകുന്നു, തീർന്നു. ഇവിടെ നവോന്മേഷത്തോടെ

ഇരിക്കുന്നതിനാൽ കുട്ടികൾ റിഫ്രെഷ് ആകാൻ ഇവിടെ വരുന്നു. ഭാരതം പരമാത്മാവിന്റെ ജന്മ സ്ഥലമാണ് എന്നത് ലോകരുടെ ബുദ്ധിയിൽ ഉണ്ടാകില്ല. ഇവിടെ കേൾക്കുന്നതിൽ നിങ്ങൾക്ക് ലഹരിയുണ്ടാകുന്നു എന്തെന്നാൽ നാം ശരീരം ഉപേക്ഷിച്ച് അമരലോകത്ത് പോകും. സത്യയുഗത്തിൽ ഇങ്ങനെ ഉണ്ടാകില്ല, ഇന്നയാൾ മരിച്ചുപോയി. അങ്ങനെ അല്ല, പഴയ വസ്ത്രം ഉപേക്ഷിച്ച്, പുതിയത് എടുക്കുകയല്ലേ അപ്പോൾ സന്തോഷം ഉണ്ടാകില്ലേ. വാദ്യഘോഷം മുഴങ്ങും. ശരി!

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ഈ പരിധിയില്ലാത്ത ലോകത്തോടുള്ള വൈരാഗ്യം വെച്ചുകൊണ്ട് ഇതിനെ ബുദ്ധിയിൽ നിന്നും മറന്നുകളയണം. അവിനാശിയായ ജ്ഞാനരത്നങ്ങൾ ധാരണ ചെയ്ത് ഭാവിയിലേക്ക് വേണ്ടി ധനവാൻ ആകണം.

2) പുതിയ ലോകത്തിനായി ബാബ ഏതേത് കാര്യങ്ങൾ കേൾപ്പിക്കുന്നുവോ അത് ഓർമ്മിക്കണം. മറ്റെന്തെല്ലാം പഠിച്ചിട്ടുണ്ടോ എല്ലാം മറന്നുപോകണം, അത്രയും ജീവിച്ചിരിക്കെ മരിച്ചവരാകണം.

### വരദാനം :- മംഗളകാരി യുഗത്തിൽ തന്റെയും സർവ്വരുടെയും മംഗളം ചെയ്യുന്ന പ്രകൃതി ജീത്ത് മായാ ജീത്തായി ഭവിക്കൂ

ഈ മംഗളകാരിയുഗത്തിൽ, മംഗളകാരി ബാബയോടൊപ്പം-ഒപ്പം കുട്ടികളും മംഗളകാരികളാണ്. താങ്കളുടെ വെല്ലുവിളിയാണ് ഞങ്ങൾ വിശ്വ പരിവർത്തകരാണ്. ലോകർക്ക് കേവലം വിനാശമാണ് കാണാൻ സാധിക്കുന്നത് അതുകൊണ്ട് മനസ്സിലാക്കുന്നു - ഇത് അമംഗളത്തിന്റെ സമയമാണ് എന്നാൽ താങ്കളുടെ മുന്നിൽ വിനാശത്തിനോടൊപ്പം സ്ഥാപനയും സ്പഷ്ടമാണ് ഒപ്പം മനസ്സിൽ ഈ ശുഭ ഭാവനയാണ് ഇപ്പോൾ സർവ്വരുടെയും മംഗളമുണ്ടാകണം. മനുഷ്യാത്മാക്കളുടേത് മാത്രമല്ല പ്രകൃതിയുടെയും മംഗളം ചെയ്യുന്നവരെ തന്നെയാണ് പ്രകൃതി ജീത്ത്, മായാജീത്ത് എന്ന് പറയുന്നത്, അവർക്കായി പ്രകൃതി സുഖദായിയായി മാറുന്നു.

### സ്ലോഗൻ :- സ്നേഹിയും വേറിട്ട വരുമായി കർമ്മം ചെയ്യുന്നവർക്ക് തന്നെയാണ് സങ്കൽപങ്ങളിൽ സെക്കന്റിൽ ഫുൾസ്റ്റോപ്പിടാൻ സാധിക്കുന്നത്.